# ഉണ്ണികൃഷ്ണൻ ബി.എ, ബി കോം; ഉപതൊഴിൽ തെങ്ങുകയറ്റം

■ സ്വന്തം ലേഖകൻ
ഒല്ലൂർ

ഒല്ലൂർ കടവാരത്ത് 'ഫിനിക്സ്' ട്യൂഷൻ സെന്ററിലെ ഉണ്ണികൃഷ്ണന് ശിഷ്യസമ്പത്ത് ഏറെ. കണക്കിലും ഇംഗ്ലിഷിലും മുന്നൂറോളം കുട്ടികൾക്കാണ് അദ്ദേഹം ട്യൂഷൻ എടുക്കുന്നത്. എന്നാൽ തെങ്ങുകയറ്റം ഉപതൊഴിലായി തെരഞ്ഞെടുത്ത ഉണ്ണികൃഷ്ണന് അദ്ധ്യാപക ജോലിയ്ക്കൊപ്പം തെങ്ങുകയറ്റവും മുടക്കമില്ലാതെ കൊണ്ടുപോകുന്നു.

തൃശൂർ ഗവൺമെന്റ് കോളജിൽനിന്നും ബി.കോമിൽ ബിരുദമെടുത്ത ഉണ്ണികൃഷ്ണൻ പിന്നീട് പ്രൈവറ്റായി ഇംഗ്ലീഷ് സാഹിത്യത്തിലും ബിരുദം നേടി. കേരള പൊലീസിൽ സെലക്ഷൻ കിട്ടിയെങ്കിലും പരിശീലനകാലയളവിൽ ജോലി ഉപേക്ഷിച്ചുവന്ന് തൃശൂരിലെ അഞ്ചേരിയിൽ വീടിനു സമീപം ട്യൂഷൻ സെന്റർ ആരംഭിച്ചു. ഇതോടെ ഉണ്ണികൃഷ്ണൻ നാട്ടുകാരുടെ ഉണ്ണികൃഷ്ണൻ മാഷായി. 47കാരനായ ഇദ്ദേഹത്തിന്റെ സ്ഥാപനത്തിൽ ഇപ്പോഴും മുന്നൂറോളം കുട്ടികൾ ഉണ്ട്. ഉണ്ണിയെക്കൂടാതെ ഭാര്യ അനില ഉൾപ്പെടെ അഞ്ച് അദ്ധ്യാപകരും.

ട്യൂഷൻ സെന്ററിൽനിന്നു ലഭിക്കുന്ന വരുമാനം ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടി മുട്ടിക്കാൻ തികയാതായതോടെയാണ് ഉപ തൊഴിലുകളെ കുറിച്ച് ചിന്തിച്ചു തുടങ്ങിയത്. ഇതിനിടെ കേരള നാളികേര വികസന ബോർഡിന്റെ തെങ്ങുകയറ്റ പരിശീലനത്തെക്കുറിച്ചുള്ള പരസ്യം പത്രത്തിൽ കണ്ടു. തെങ്ങുകയറാൻ ആളെ കിട്ടാത്ത കാലയളവിൽ ഒരു കൈനോക്കാൻ മാഷ് തീരുമാനിക്കുകയായിരുന്നു. വെള്ളാനിക്കരയിലെ കേരള കാർഷിക വിജ്ഞാന കേന്ദ്രത്തിൽ ആറുദിവസം നീണ്ടുനിന്ന ഫുൾ ടൈം തെങ്ങുകയറ്റ പരിശീലനം വിജയകരമായി പൂർത്തിയാക്കി. പരിശീലനത്തിനൊടുവിൽ സൗജന്യമായി ലഭിച്ച തെങ്ങുകയറ്റ യന്ത്രവുമായി പണിക്കിറങ്ങി. ആദ്യം സ്വന്തം വീട്ടിൽ പിന്നീട് തൊഴിൽ വ്യാപിപ്പിച്ചു. സ്വന്തം ഗ്രാമത്തിലെ മിക്ക വീടുകളിലെയും പണിപിടിച്ചു. ഇപ്പോൾ ഗ്രാമത്തിലെ പ്രധാന തെങ്ങുകയറ്റത്തൊഴിലാളി ഉണ്ണികൃഷ്ണനാണ്.



ഉണ്ണികൃഷ്ണൻ തെങ്ങു കയറ്റത്തിനിടെ

ഡയസ് പോൾ

രാവിലെ ട്യൂഷൻ സെന്ററിലെ ക്ലാസിനുശേഷം ഒൻപതു മണിയോടെ പണിക്കിറങ്ങും. ഇത് ഉച്ചകഴിയും വരെ നീളും. കുളിച്ച് നാലുമണിക്ക് വീണ്ടും ട്യൂഷൻ സെന്ററിൽ എത്താനുള്ള സമയം കണക്കാക്കി ജോലി നിർത്തും. ശനി, ഞായർ ദിവസങ്ങളിൽ തെങ്ങുകയറാൻ പോകാറില്ല. രണ്ടുദിവസവും മുഴുവൻ സമയ ട്യൂഷനാണ്.

തെങ്ങുകയറ്റത്തിലൂടെ ഇപ്പോൾ ഒരുദിവസത്തെ ശരാശരി വരുമാനം അറുനൂറ് രൂപയ്ക്ക് മുകളിലാണ്.ഏതു തൊഴിലിനും മാന്യതയുണ്ടെന്ന് മറ്റുള്ളവരെ പ്രവൃത്തിയിലൂടെ കാട്ടികൊടുക്കാനായതിൽ സംതൃപ്തിയുണ്ടെന്നും ഉണ്ണി പറയുന്നു. ഉണ്ണി തെങ്ങുകയറാൻ തുടങ്ങിയതോടെ ഈ മേഖലയിലേക്ക് പ്രദേശത്തെ പല ചെറുപ്പക്കാരും കടന്നുവരാൻ തുടങ്ങി. കർണ്ണാടിക് സംഗീതം അഭ്യസിച്ചിട്ടുള്ള മാഷ് തിരക്കുകൾക്കിടയിൽ ഏതാനും കുട്ടികളെ സംഗീതവും അഭ്യസിപ്പിക്കുന്നുണ്ട്.

അച്ഛന്റെ പുതിയ തൊഴിലിനെ ഹൈസ്കൂൾ വിദ്യാർത്ഥികളായ മക്കൾ ശ്രീരാഗും, സാരംഗും ഏറെ പ്രോത്സാഹിപ്പിക്കുന്നു. നാട്ടുകാർക്കും സുഹൃത്തുക്കൾക്കും ഇതേ മനോഭാവമാണുള്ളതെന്നും ഉണ്ണികൃഷ്ണൻ പറയുന്നു.